4) വേൾഡ് വിഷൻ മാനന്തവാടി ആന്റ് സുൽത്താൻബത്തേരി

5) ശ്രേയസ് സുൽത്താൻബത്തേരി

6) ബെഡിത സുൽത്താൻബത്തേരി.

(സി)&(ഡി) വിദേശഫണ്ട് വിനിയോഗിക്കുന്നതിനെപ്പറ്റി നിരീക്ഷിക്കുന്നത് കേന്ദ്ര സർക്കാരാണ്.

44 (1638) കേരള വാണിക വൈശ്യസംഘം സമർപ്പിച്ച നിവേദനം

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാണിക വൈശ്യസംഘം വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് സർക്കാരിന് സമർപ്പിച്ച നിവേദനത്തിന്മേൽ സർക്കാർ എന്തു നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

(ബി) ഈ നിവേദനത്തിലെ ഓരോ ആവശ്യങ്ങളിൽമേലും സർക്കാരിന്റെ നിലപാടെന്താണ്;

(സി) വിശ്വകർമ്മ സമുദായത്തിനുകൂടി പ്രയോജനപ്പെടുന്ന വിധത്തിൽ നിലവിലുള്ള ഉദ്യോഗസ്ഥ സംവരണ സംവിധാനത്തിൽ കാലാനുസൃതമായ മാറ്റം വരുത്തുവാൻ സർക്കാർ നടപടിയെടുക്കുമോ?

ഉത്തരം

(എ)&(ബി) നിവേദനത്തിലെ ആവശ്യങ്ങൾ സർക്കാർ പരിശോധിച്ചുവരികയാണ്.

(സി) വിശ്വകർമ്മ സമുദായത്തിലും അതിന്റെ സമാന്തര വിഭാഗങ്ങൾക്കും ഉദ്യോഗസംവരണത്തിന് നിലവിൽ വ്യവസ്ഥയുണ്ട്. നിലവിലുള്ള സംവരണ വ്യവസ്ഥയിൽ മാറ്റം വരുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

45 (1639) നിർമ്മിതികേന്ദ്രത്തിന്റെ പ്രവർത്തനം

ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ പ്രവർത്തനം പുനരുദ്ധരിക്കാൻ സർക്കാർ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദമാക്കുമോ;

(സി) ചെലവു കുറഞ്ഞ പാർപ്പിടനിർമ്മാണത്തിനും ഗവേഷണത്തിനും വേണ്ടിയുള്ള നോഡൽ ഏജൻസിയാക്കി നിർമ്മിതികേന്ദ്രത്തെ മാറ്റാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഈ കേന്ദ്രത്തിലെ ജീവനക്കാർക്ക് ന്യായമായ സേവന വേതന വ്യവസ്ഥകൾ നടപ്പാക്കാൻ നടപടിയെടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly